LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിയും നടത്തിയ വിദേശയാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധം -എ ആയി ചേർത്തിട്ടുണ്ട്. വിദേശ യാത്രകൾക്കായി വിമാനയാത്രായിനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം അനുബന്ധം - ബി ആയി ചേർത്തിട്ടുണ്ട്. പൂർണ്ണമായ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഓരോ മന്ത്രിയും രാജ്യത്തിനകത്ത് നടത്തിയ യാത്രകൾക്കായി വിമാന യാത്രായിനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം അനുബന്ധം-സി ആയി ചേർത്തിട്ടുണ്ട്.

സർക്കാർ ജീവനക്കാർ

14 (16) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു ; ഈ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര ; പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; ഇപ്പോൾ എത്ര സർക്കാർ ജീവനക്കാരുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുഭരണ വകുപ്പിൻകീഴിലുള്ള സൈനികക്ഷേമവകുപ്പ് ഡയറക്ടറേറ്റിലും 14 ജില്ലാ ഓഫീസുകളിലുമായി 152 ജീവനക്കാർ ഉണ്ടായിരുന്നു. ഇതിൽ 27 പേർ റിട്ടയർ ചെയ്യുകയും 2 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. സൈനികക്ഷേമ വകുപ്പിൽ ഇപ്പോൾ 148 ജീവനക്കാർ ഉണ്ട്.

സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 263 ജീവനക്കാർ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ കാലയളവിൽ 233 ജീവനക്കാർ വിരമിച്ചു. 10 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. നിലവിൽ 269 ജീവനക്കാർ പൊതുഭരണ വകുപ്പിലുണ്ട്.

മറ്റു വിഭാഗം ജീവനക്കാരെയും വകുപ്പുകളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.